# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ഗവ. എൽ പി എസ് പുല്ലയിൽ





# കിരണം

ഗവ. എൽ. പി. എസ്. പുല്ലയിൽ

# ആമുഖം

സംസ്ഥാന സർക്കാർ വിദ്യാഭ്യാസരംഗത്ത് സമഗ്ര ഗുണമേന്മ

പ്രധാന ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ ഗുണമേന്മ

വർധിപ്പിക്കുക എന്നതിനാണ് അക്കാദമിക വർഷാരംഭം മുതൽ

പ്രാധാന്യം നൽകേണ്ടത്. അതിനാവശ്യമായ പ്രാഥമിക

പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ സംസ്ഥാന

വ്യാപകമായി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിലെ ഇതര വിദ്യാഭ്യാസ

സ്ഥാപനങ്ങളോടൊപ്പം വിദ്യാഭ്യാസ ഗുണമേന്മ

വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ

നമ്മുടെ വിദ്യാലയവും പങ്കാളിയാകുന്നു.

പഠനപ്രവർത്തനങ്ങൾ സമയ ബന്ധിതമായി

നടപ്പിലാക്കുന്നതിനും വിജയത്തിലെത്തിക്കുന്നതിനും

വേണ്ടി വിവിധ പഠനപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

1 പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക
2 സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയപ്രവർത്തന ങ്ങളുടെ ഭാഗമാക്കുക
3 ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകിയും അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുക
4 എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി ലക്ഷ്യമാക്കുക
5 ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കിയെടുക്കുക
6 പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തുക
7 എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
8 സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക
9 പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുക
10 പത്രം തയ്യാറാക്കുക സ്വന്തമായി ഡയറി എഴുതുക
11 ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തുക
12 വിവിധതരം സസ്യങ്ങൾ വലിയ മരങ്ങൾ ചെറിയ ചെടികൾ കണ്ടെത്തി പട്ടികപ്പെടുത്തുക
13 സസ്യങ്ങൾക്ക് ഇല, വേര്, തണ്ട്, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുക
14 പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുക
15 ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
16 മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു കുട്ടികളെ നയിക്കുന്നു
17 കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു
18 പരിസ്ഥിതി സൗഹൃദമായ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു.
19 പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളായി മാറ്റുന്നു
20 കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| രചനാപരിചയക്കുറിപ്പ് | പാഠപുസ്തകത്തിലുള്ളതും ലൈബ്രറിയിൽ നിന്ന് ഉള്ളതുമായ രചനകൾ കുട്ടികൾക്ക് വായിക്കാൻ നൽകുന്നു. വായിച്ച രചനകളെക്കുറിച്ച് രചനാ പരിചയക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>(ലക്ഷ്യം:- വായന, ലേഖനം എന്നിവയോടുള്ള താല്പര്യം വർധിപ്പിക്കുക, സ്വന്തമായി രചനകൾ നടത്തുക) | ജൂൺ-മാർച്ച് (മാസംതോറും) | കുട്ടികൾ | | ക്ലാസ്സ് ടീച്ചർ മലയാളം ടീച്ചർ ഇംഗ്ലീഷ് ടീച്ചർ |
| രചനോത്സവം | കഥ, കവിത, ഡയറി, കുഷണക്കത്ത്, സംഭാഷണം, വിവരണം, പത്രമെഴുത്ത് തുടങ്ങിയ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തി ലഘു വ്യവഹാര രൂപങ്ങളിലേക്കെത്താൻ കുട്ടികളെ പ്രാപ്തരാക്കുക.<br><br>(ലക്ഷ്യം:- സന്ദർഭത്തിനനുസരിച്ച് ഓരോ കുട്ടിയും സ്വന്തം ഭാഷയിൽ ആശയങ്ങൾ രൂപീകരിക്കുക) | ജൂലൈ-ഫെബ്രുവരി (മാസംതോറും) | കുട്ടികൾ | | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ഗണിത കേളി | സങ്കലനം, വ്യവകലനം, ഗുണനം എന്നീ പഠനലക്ഷ്യങ്ങൾക്കായി കുട്ടികൾക്ക് താല്പര്യം ജനിക്കും വിധത്തിൽ ഗണിത കേളികൾ അവതരിപ്പിക്കുന്നു.<br><br>(ലക്ഷ്യം:- ഗണിതപഠനത്തിൽ താല്പര്യം വളർത്തുക, യുക്തിബോധം വളർത്തുക) | ജൂൺ-മാർച്ച് (മാസംതോറും) | കുട്ടികൾ ക്ലാസ്സ് ടീച്ചർ | | ക്ലാസ്സ് ടീച്ചർ |
| വായിക്കാം വളരാം | ക്ലാസ്സ് ലൈബ്രറി ഉപയോഗപ്പെടുത്തി തയ്യാറാക്കുന്ന രചനകൾ(കുറിപ്പ്, കഥ, കവിത, ചിത്രം)ചേർത്ത് വായന പതിപ്പാക്കി പ്രസിദ്ധീകരിക്കുന്നു.<br><br>(ലക്ഷ്യം:- സാഹിത്യ രചനകൾ വായിച്ചും, കേട്ടും ആശയം ഗ്രഹിച്ച് ആസ്വദിക്കുക, വായിച്ച സാഹിത്യ രൂപങ്ങളുടെ ആശയം മനസ്സിലാക്കി മറ്റ് വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റുക) | ജൂലൈ-ഫെബ്രുവരി (മാസംതോറും) | കുട്ടികൾ ക്ലാസ്സ് ടീച്ചർ | | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| പരീക്ഷണങ്ങളെക്കുറിച്ച് | പരീക്ഷണങ്ങൾ ഭയപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണങ്ങളെക്കുറിച്ച് ബോധ്യമാക്കൽ<br>ലക്ഷ്യം:- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | എല്ലാ മാസത്തിലും. | ക്ലാസ് ടീച്ചർ | | |
| ആരോഗ്യം കായികം | സുംബ ഡാൻസ് പരിശീലനം (എല്ലാ കുട്ടികൾക്കും)<br>ലക്ഷ്യം: ആരോഗ്യ പരിരക്ഷ, കായിക വികസനം | ജൂൺ - മാർച്ച് | ടീച്ചേഴ്സ് | | |
| സർഗവേദി | എല്ലാ ക്ലാസിലും സർഗവേദി സംഘടിപ്പിക്കൽ<br>ലക്ഷ്യം: ഓരോ കുട്ടികളിലുമുള്ള സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുക | മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| അരങ്ങ് | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിൻറിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം<br>(ലക്ഷ്യം:- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുക) | എല്ലാ മാസത്തിലും | എസ് ആർ ജി | | |
| പ്രവർത്തി പരിചയം | പ്രവർത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ (ചന്ദനത്തിരി, ചോക്ക് തുടങ്ങിയവ)<br>(ലക്ഷ്യം:- നിർമാണ പ്രവർത്തനങ്ങൾക്കുള്ള കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക) | | എല്ലാ അധ്യാപകരും | | |
| നിർമാണം | പേപ്പർ ബാഗ് നിർമാണം<br>(ലക്ഷ്യം:- നിർമാണാത്മക കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക) | | എല്ലാ അധ്യാപകരും | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ആചരിക്കാം ആഘോഷിക്കാം | ഇംഗ്ലീഷിൽ ബുള്ളറ്റിൻഒരുക്കുന്നു<br>പരിസ്ഥിതി ദിനം (ജൂൺ)<br>ചാന്ദ്രദിനം (ജൂലൈ)<br>സ്വാതന്ത്ര്യദിനം (ഓഗസ്റ്റ്)<br>ഓണം (സപ്തംബർ)<br>ഗാന്ധിജയന്തി (ഒക്ടോബർ)<br>കേരളപ്പിറവി (നവംബർ)<br>ക്രിസ്തുമസ് (ഡിസംബർ)<br>ന്യൂ ഇയർ (ജനവരി)<br>ശാസ്ത്ര ദിനം (ഫെബ്രുവരി)<br>ജലദിനം (മാർച്ച്)<br><br>(ലക്ഷ്യം:- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക) | | എല്ലാ അധ്യാപകരും പി ടി എ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ഗണിത മൂല | മുഴുവൻ ക്ലാസിലും ഗണിതലാബുകൾ ഗണിതമൂലകൾ ക്രമീകരിക്കുന്നു. (മഞ്ചാടി, കളിനോട്ട്, കാർഡുകൾ, അബാക്കസ് തുടങ്ങിയവ)<br><br>(ലക്ഷ്യം:- അടിസ്ഥാന ഗതി ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുക) | ജൂൺ | ക്ലാസ്സ് ടീച്ചർ | | |
| അസംബ്ലി | ഇംഗ്ലീഷ് അസംബ്ലി<br>(കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു)<br><br>(ലക്ഷ്യം:- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ) | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | | |
| ഗണിത ലാബ് | ഗണിത ലാബ് സജ്ജീകരിക്കൽ<br>(ലക്ഷ്യം:- കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക) | | ഗണിത അധ്യാപിക | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തുന്നതിന് വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ, ഒപ്പം പരിഹാരബോധനവും<br><br>(ലക്ഷ്യം:- ഓരോ ക്ലാസിലും കൈവരിക്കേണ്ട നേട്ടങ്ങൾ, ധാരണകൾ, ലക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നതിന്) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | | |
| | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ ഹോംവർക്ക് പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു<br><br>(ലക്ഷ്യം:- ഓരോ ക്ലാസിലും കരിക്കുലം വിഭാവന ചെയ്യുന്ന ഗണിതശേഷി നേടുക) | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| പടവുകൾ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ക്യാമ്പുകൾ, ശിൽപ്പശാലകൾ<br><br>(ലക്ഷ്യം:- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കൽ) | ജൂൺ മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർ | | |
| ആനന്ദം | കുട്ടികൾക്ക് ഇംഗ്ലീഷ് കാർട്ടൂണുകൾ കാണാൻ അവസരം നൽകൽ<br><br>(ലക്ഷ്യം:- ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക) | ആഴ്ചയിൽ ഒരു തവണ | ക്ലാസ് ടീച്ചർ | | |
| ആരോഗ്യം | ഹെൽത്ത് ചെക്കപ്പ്<br><br>(ലക്ഷ്യം:- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക) | ജൂൺ മുതൽ സെപ്റ്റംബർ വരെ | പി ടി എ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ചങ്ങാതി | ലൈബ്രറി പുസ്തകങ്ങളുടെ പ്രദർശനം, പുസ്തകങ്ങൾ പരിചയപ്പെടൽ (ആഴ്ചയിൽ ഒരു ദിവസം രണ്ടു പുസ്തകം) (ലക്ഷ്യം:- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക) | ആഴ്ചയിൽ ഒരു തവണ | എല്ലാ അധ്യാപകരും | | |
| പിറന്നാൾ | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു (ലക്ഷ്യം:- മികച്ച വായനാശീലം വളർത്തുക) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| വായിക്കാം വളരാം | എല്ലാ ക്ലാസിലും വായനാ മത്സരം സംഘടിപ്പിക്കുന്നു. (ലക്ഷ്യം:- അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| പരീക്ഷണം | മൂന്ന്, നാല് ക്ലാസിലെ ശാസ്ത്രപരീക്ഷണങ്ങൾക്കായി ഇണങ്ങുന്ന വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ<br><br>(ലക്ഷ്യം:- ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| മാറ്റിയെഴുതാം | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ<br><br>(ലക്ഷ്യം:- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക) | ജൂൺ മുതൽ മാർച്ച് വരെ | ഭാഷ ക്ലബ്ബ് | | |
| വായന കാർഡ് | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാകുറുപ്പ്, വായന കാർഡ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായന കാർഡ്. വായനാകുറുപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു)<br><br>(ലക്ഷ്യം:- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| മുന്നോട്ട് | പഠന പിന്നാകാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം<br>(ലക്ഷ്യം:- എല്ലാ കുട്ടികളെയും പഠന പ്രവർത്തനങ്ങളിലേക്ക് അടുപ്പിക്കുക) | ജൂൺ -ജൂലൈ | ക്ലാസ് ടീച്ചർ | | |
| അക്ഷരക്കൂട്ടം | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു<br>(ലക്ഷ്യം:- മികച്ച വായനശീലം വളർത്തുക) | ജൂൺ-മാർച്ച് വളർത്തുക | സ്കൂൾ ലൈബ്രറി കമ്മിറ്റി | | |
| വായിക്കാം വളരാം | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൾ<br>(ലക്ഷ്യം:- മികച്ച വായനാശീലം വളർത്തുക) | ജൂൺമുതൽ മാർച്ച് വരെ | പിടിഎ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| കൈയെഴുത്ത് | ഓരോ മാസത്തിലും മികച്ച പഠനപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയെഴുത്ത് മാഗസിൻ ഒരുക്കൽ<br><br>(ലക്ഷ്യം:- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക) | എല്ലാ മാസവും | ക്ലാസ് ടീച്ചർ | | |
| റീഡിങ് കാർഡ് | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമിക്കൽ<br><br>(ലക്ഷ്യം:- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക) | ജൂൺ | ഇംഗ്ലീഷ് ക്ലബ് | | |
| മുന്നേറാം | ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു<br><br>(ലക്ഷ്യം:- അധ്യാപകരുടെ നേതൃത്വത്തിൽ മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക) | ജൂലൈ | എസ് ആർ ജി | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| സംസാരം | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖങ്ങൾക്ക് അവസരമൊരുക്കൽ, ചർച്ചകളിൽ, സംവാദങ്ങൾ സംഘടിപ്പിക്കൽ<br><br>(ലക്ഷ്യം:- ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്) | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | | |
| ചരിത്രം | നാടിന്റെ ചരിത്രാന്വേഷണം നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക<br><br>(ലക്ഷ്യം:- നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്, സാംസ്കാരികമായി അതിന്റെ തനിമ നിലനിർത്തുന്നതിന്) | നവംബർ എസ് ആർ ജി | എസ് ആർ ജി | | |
| അനുഭവം പഠനം | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ് ആഫീസ്, ആശുപത്രി എന്നിവിടങ്ങൾ സന്ദർശിക്കുന്നു.<br><br>(ലക്ഷ്യം:- സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് സഹായമായ സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്) | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ചങ്ങാതി | ലൈബ്രറി പുസ്തകങ്ങളുടെ പ്രദർശനം, പുസ്തകങ്ങൾ പരിചയപ്പെടൽ (ആഴ്ചയിൽ ഒരു ദിവസം രണ്ട് പുസ്തകം)<br><br>(ലക്ഷ്യം:- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക) | ആഴ്ചയിൽ ഒരു തവണ | എല്ലാ അധ്യാപകരും | | |
| പിറന്നാൾ | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു<br><br>(ലക്ഷ്യം:- മികച്ച വായനാശീലം വളർത്തുക) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| ഉച്ചഭാഷിണി | ഉച്ചഭാഷിണിയിലൂടെ കുട്ടികൾ വായിക്കുന്നു<br><br>(ലക്ഷ്യം:- അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഡയറി | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയങ്ങളിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക<br><br>(ലക്ഷ്യം:- ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിൽ ഉള്ള ഡയറി എഴുതാൻ കഴിയുക) | | അധ്യാപകർ | | |
| സാങ്കൽപ്പിക ഡയറി | പെട്ടെന്ന് മനസ്സിൽ തോന്നുന്ന കാര്യം സങ്കൽപ്പിച്ച് ഡയറി എഴുതൽ<br><br>(ലക്ഷ്യം:- സർഗ്ഗാത്മകത വികസിപ്പിക്കൽ) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | | |
| ക്ലാസ് പത്രം | സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട പത്രം തയ്യാറാക്കുന്നു.<br><br>(ലക്ഷ്യം:- ആവിഷ്കാര മനോഭാവം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക) | മാസത്തിൽ ഒരു തവണ | അധ്യാപകർ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| വളരുന്ന മഞ്ചാടി സഞ്ചി | മഞ്ചാടി പോലുള്ള പ്രാദേശിക വസ്തുക്കളുടെ ശേഖരണം<br>(ലക്ഷ്യം:- ഗണിത ആശയങ്ങൾ സ്വായത്തമാക്കുക) | ജൂൺ ജൂലൈ | അധ്യാപകർ | | |
| പ്രകൃതി നടത്തം | സ്കൂളിന് ചുറ്റും നടന്നമരങ്ങളെ നിരീക്ഷിക്കുന്നു. പരിസ്ഥിതിയെക്കുറിച്ച് മനസ്സിലാക്കൽ<br>(ലക്ഷ്യം:- പരിസ്ഥിതിയെക്കുറിച്ച്മനസ്സിലാക്കൽ) | ജൂൺ | അധ്യാപകർ | | |
| അടുക്കളത്തോട്ടം | വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം തയ്യാറാക്കൽ<br>(ലക്ഷ്യം:- തൊഴിൽ വൈദഗ്ദ്യം, ജൈവകൃഷി പ്രോത്സാഹനം) | നവംബർ മുതൽ മാർച്ച് വരെ | കുട്ടികൾ, രക്ഷകർത്താക്കൾ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| പഠനോപകരണ ശില്പശാല | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം<br><br>(ലക്ഷ്യം:- നിർമ്മാണ പ്രോത്സാഹനം) | മാസത്തിൽ ഒരുതവണ | അധ്യാപകർ | | |
| വാദ്യം | കളിവാദ്യോപകരണങ്ങൾ ഉപയോഗിച്ച് പാടുന്നു<br><br>(ലക്ഷ്യം:- വിവിധ ഈണങ്ങൾ കണ്ടെത്തുന്നു. അഭിരുചി വളർത്തുന്നു) | മാസത്തിൽ ഒരുതവണ | അധ്യാപകർ | | |
| റീഡേഴ്സ് തിയേറ്റർ | റീഡേഴ്സ് തിയേറ്റർ<br>(ലക്ഷ്യം:- അരങ്ങത്ത് പാഠഭാഗങ്ങൾ അവതരിപ്പിക്കൽ കലാപരമായ കഴിവുകളെ വികസിപ്പിക്കുക) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>കുട്ടികൾ | | |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| കവി ഉത്സവം | പ്രാദേശികമായി ലഭിക്കുന്ന വാദ്യോപകരണങ്ങൾ ഉപയോഗിച്ച് കവിതകൾ അവതരിപ്പിക്കുന്നു. കവി ഉത്സവം കവിതകളും പാട്ടുകളും ആശയവിക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്ന ഒരു കവിത. (ലക്ഷ്യം:- വ്യത്യസ്ത താളത്തിൽ പാടുന്നു) | വർഷത്തിൽ മൂന്ന് എണ്ണം | അധ്യാപകർ | | |
| നാടൻ പാട്ട് ശില്പശാല | ഒരു നാടൻപാട്ട് കലാകാരന്റെ സേവനം ലഭ്യമാക്കി ശില്പശാല നടത്തുന്നു. (ലക്ഷ്യം:- വായ്ത്താരികൾ ചേർക്കുന്നതിനും ചേർത്ത് പാടുന്നതിനും കഴിയുന്നു) | വർഷത്തിൽ രണ്ടെണ്ണം | അധ്യാപകർ കുട്ടികൾ | | |
| കണക്കുപെട്ടി | പഠനോപകരണം നിർമ്മാണ ശില്പശാല സംഘടിപ്പിച്ച് ഗണിത പഠനത്തിന് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു (ലക്ഷ്യം:- ഗണിതത്തോട് താല്പര്യം ജനിപ്പിക്കുക) | നവംബർ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ | | |